# മാപ്പും വിട്ടുവീഴ്ചയും പ്രസക്തമാകുന്നത്

**"2002-ൽ** നടന്നതൊക്കെ ഗുജറാത്ത് മുസ്‌ലിംകൾ മറക്കണം. അക്രമികൾക്ക് മാപ്പു കൊടുക്കണം. അതാണ് ഇസ്‌ലാമിന്റെ മഹത്തായ പാരമ്പര്യത്തിനിണങ്ങുന്നത്. അതുവഴി മർദിതരുടെ മനസ്സ് ശാന്തമാകും. അല്ലാഹുവിന്റെ പ്രീതി നേടുകയും ചെയ്യാം. അന്തിമ നീതി അല്ലാഹുവിങ്കൽനിന്നു മാത്രമേ ലഭിക്കൂ എന്നാണല്ലോ ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്. നമ്മോട് ക്രൂരത ചെയ്തവർ തീർച്ചയായും അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടിവരും. രാഷ്ട്രീയ സമ്മർദങ്ങൾകൊണ്ടോ നിയമത്തിന്റെ മുടിനാരിഴ കീറിയതുകൊണ്ടോ അദൃശ്യനായ അല്ലാഹുവിന്റെ നടപടികളെ മാറ്റിമറിക്കാനാവില്ല." ഇക്കഴിഞ്ഞ നവംബർ 14-ന് *ഇന്ത്യൻ എക്സ്പ്രസ്സിൽ* എഴുതിയ ഒരു ലേഖനത്തിലൂടെ പ്രഫ. ബന്തോഖ് വാല മുസ്‌ലിം സമുദായത്തിനു നൽകുന്ന ഉപദേശമാണിത്. തന്റെ ഉപദേശത്തിന്റെ സാധുത അരക്കിട്ടുറപ്പിക്കാൻ അദ്ദേഹം ഖുർആനിലെ 41-ാം അധ്യായത്തിലെ 34-ാം സൂക്തം ഉദ്ധരിക്കുന്നുമുണ്ട്: "നന്മയും തിന്മയും തുല്യമാകുന്നില്ല. തിന്മയെ ഏറ്റം നല്ലതുകൊണ്ടു വേണം തടയാൻ. അപ്പോൾ നിങ്ങളോട് വൈരമുള്ളവർ നിങ്ങളുടെ ഉറ്റമിത്രങ്ങളായി ത്തീരുന്നതു കാണാം."

വളരെ കാലമായി ദേശീയ ഐക്യത്തിനും സാമുദായിക സൗഹാർദത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്ന മുസ്‌ലിം നേതാവാണ് പ്രഫ. ബന്തോഖ്‌വാല. ഈ രംഗത്ത് അർപ്പിച്ച സേവനങ്ങൾക്കുള്ള അംഗീകാരമായി അദ്ദേഹത്തിന് 'ഇന്ദിരാഗാന്ധി ഇന്റഗ്രേഷൻ അവാർഡ്' ലഭിച്ചിട്ടുണ്ട്. ബറോഡയിലെ എം.എസ് യൂനിവേഴ്സിറ്റിയിൽ ഫിസിക്സ് പ്രഫസറായിരുന്നു ബന്തോഖ് വാല. 2002-ലെ വംശീയ കലാപത്തിൽ അദ്ദേഹത്തിന്റെ വീടും ആക്രമിക്കപ്പെട്ടു. ബന്തോഖ് വാലയും മകളും ജീവനും കൊണ്ട് ഓടി രക്ഷപ്പെടുകയായിരുന്നു.

*ഇന്ത്യൻ എക്സ്പ്രസ്സിലൂ*ടെ ഈ ഉപദേശം അവതരിപ്പിക്കുന്നതിനുമുമ്പ് ഗുജറാത്തിലെ അകന്നുപോയ സമുദായങ്ങളെ പരസ്പരം അടുപ്പിക്കാൻ കഴിഞ്ഞ അഞ്ചര കൊല്ലമായി അവിശ്രമം പരിശ്രമിച്ചു കൊണ്ടിരിക്കുകയായിരുന്നു പ്രഫ. ബന്തോഖ് വാല. ഇരു സമുദായത്തിലെയും നേതാക്കളുമായി നിത്യസമ്പർക്കം സ്ഥാപിച്ചു. ധാരാളം സംഭാഷണങ്ങൾ നടത്തി. എല്ലാം നിഷ്ഫലമായിരുന്നു. ഭൂരിപക്ഷ വിഭാഗത്തിന്റെ നേതാക്കളിൽ ഒരു വീണ്ടുവിചാരമുണർത്തുന്നതിൽ അദ്ദേഹം ദയനീയമായി പരാജയപ്പെട്ടു. 2002-ലെ ഭ്രാന്തിനെ ന്യായീകരിക്കാനാണത്രെ അവർക്കിപ്പോഴും ഉത്സാഹം. ഭൂരിപക്ഷ മനസ്സിന്റെ വിദ്വേഷമകറ്റുകയും ന്യൂനപക്ഷമനസ്സിനേറ്റ മുറിവുകളുണക്കുകയും ചെയ്യുന്ന ഒരു നേതാവ് അക്കൂട്ടത്തിൽനിന്ന് അടുത്തകാലത്തൊന്നും ഉയർന്നുവരുമെന്ന് പ്രഫസർ പ്രതീക്ഷിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഏറ്റം കരണീയമായിട്ടുള്ളത് അക്രമികൾക്ക് ഏകപക്ഷീയമായി മാപ്പു കൊടുക്കുകയാണ്. അത് ഭൂരിപക്ഷ വിഭാഗത്തിന്റെ മനസ്സാക്ഷിയെ ഉണർത്തുമെന്ന് പ്രഫസർ കരുതുന്നു. അതുവഴി 2002-ലെ ഗുജറാത്ത് ദുരന്തത്തിന്റെ അധ്യായം അടച്ചുവെക്കാം. അങ്ങനെ പുതിയൊരു ആത്മവിശ്വാസത്തോടെ ഭാവിയിലേക്ക് മുന്നേറാൻ അവസരമൊരുക്കാമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു.

അക്രമികളോട് വിട്ടുവീഴ്ച ചെയ്യാനുള്ള വിലപ്പെട്ട ഈ ഉപദേശം പക്വതയും പാണ്ഡിത്യവുമുള്ള ഒരു മനസ്സിൽനിന്നുറവെടുക്കുന്നതാണ്. ക്ഷമയുടെയും മാപ്പിന്റെയും പ്രാധാന്യം വിശുദ്ധ ഖുർആനും തിരുസുന്നത്തും ആവർത്തിച്ചുണർത്തുന്നുണ്ട്. ഇന്ത്യയിലെ, വിശേഷിച്ചും ഗുജറാത്തിലെ മുസ്‌ലിം നേതൃത്വം ആഴത്തിൽ പരിഗണിക്കേണ്ടതാണീ ഉപദേശം. പരസ്പരം ക്ഷമിക്കുന്നതിലൂടെയും വിട്ടുവീഴ്ച ചെയ്യുന്നതിലൂടെയും രാജ്യത്തെങ്ങും സാമുദായിക സൗഹാർദം പൂത്തുലയട്ടെ എന്ന് നമുക്കാശംസിക്കാം.

എന്നാൽ മുസ്‌ലിംകൾ മാപ്പ് കൊടുക്കുന്നതുകൊണ്ടു മാത്രം പരിഹൃതമാകുന്നതാണോ ഗുജറാത്തിന്റെ പ്രശ്നം എന്നതും സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ട വിഷയമാണ്. ക്ഷമയും വിട്ടുവീഴ്ചയും പ്രസക്തമാകുന്നത് ഒരുവശത്ത് ആക്രമിക്കപ്പെട്ടവർക്ക് തിരിച്ചടിക്കാൻ കഴിവുള്ളപ്പോഴും അവരതിനു മുതിരുമ്പോഴും, മറുവശത്ത് അക്രമികൾക്ക് തങ്ങൾ ചെയ്തത് അക്രമമാണെന്ന് ബോധ്യമാകുമ്പോഴുമാണ്. ഗുജറാത്തിൽ മുസ്‌ലിംകൾക്ക് തിരിച്ചടിക്കാൻ കഴിവില്ല. അവരതിന് മുതിർന്നിട്ടുമില്ല. അവർ ക്ഷമിക്കുന്നതും ക്ഷമിക്കാതിരിക്കുന്നതും തുല്യമാണ്. മറുവശത്താകട്ടെ, ബന്തോഖ് വാല തന്നെ സൂചിപ്പിച്ചതുപോലെ തങ്ങൾ ചെയ്തത് അക്രമമായി എന്ന് ഗുജറാത്തിലെ ഭൂരിപക്ഷ വിഭാഗത്തിന് ഇനിയും തോന്നിയിട്ടില്ല, എന്നല്ല ചെയ്തതൊക്കെയും ന്യായമാണെന്നും ന്യായം മുഴുവൻ ചെയ്തുതീർക്കാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് അവരിപ്പോഴും കരുതുന്നത്. കലാപശേഷം നടന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ കലാപത്തിന് നേതൃത്വം നൽകിയ കക്ഷി നേടിയ വൻഭൂരിപക്ഷവും വരുന്ന തെരഞ്ഞെടുപ്പിൽ മികച്ച വിജയമുണ്ടാകുമെന്ന അവരുടെ പ്രതീക്ഷയും അതിന്റെ തെളിവാണ്. ഈ സാഹചര്യത്തിൽ മുസ്‌ലിംകളുടെ ഏകപക്ഷീയമായ മാപ്പുപ്രഖ്യാപനത്തെ തങ്ങളുടെ ചെയ്തികൾ ന്യായമായിരുന്നുവെന്നതിന് ഇരകൾ തന്നെ നൽകിയ സാക്ഷ്യമായേ അക്രമികൾ മനസ്സിലാക്കൂ.

ഗുജറാത്ത് മുസ്‌ലിംകൾ അക്രമികൾക്ക് മാപ്പ് നൽകേണ്ടതില്ല എന്നല്ല പറഞ്ഞുവരുന്നത്. ക്ഷമയും വിട്ടുവീഴ്ചയും ഫലപ്രദമാകണമെങ്കിൽ, 2002-ൽ നടന്നത് കൊടുംപാതകമായിരുന്നുവെന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കണം. അതിനുള്ള ബോധവത്കരണമാണ് ആദ്യം നടക്കേണ്ടത്. മതേതരത്വത്തിലും മതസൗഹാർദത്തിലും വിശ്വസിക്കുന്ന എല്ലാ സമാധാന തൽപരരും ഒത്തൊരുമിച്ച് പരിശ്രമിച്ചാലേ അത് നടക്കൂ. ഗുജറാത്ത് കൂട്ടക്കൊലയുടെയും കൊള്ളയുടെയും അടിവേര് തേടിപ്പോകുന്നവർ ഒടുവിൽ എത്തിച്ചേരുക ജാതീയതയിലും ഉച്ചനീചത്വത്തിലും അധിഷ്ഠിതമായ ഒരു തത്ത്വശാസ്ത്രത്തിലും സാമൂഹികവ്യവസ്ഥിതിയിലുമാണ്. സവർണരുടെ ആധിപത്യത്തിലും അവർണരുടെ അടിമത്തത്തിലും വലിയൊരു ജനവിഭാഗം ഇപ്പോഴും അടിയുറച്ചു വിശ്വസിക്കുന്നുവെന്നതാണ് യഥാർഥ പ്രശ്നം. ആ വിശ്വാസം അനുശാസിക്കുന്ന സാമൂഹിക വ്യവസ്ഥിതിയെ അഭംഗുരം നിലനിർത്തുകയാണ് അവരുടെ ലക്ഷ്യം. ഇന്നത്തെ സാഹചര്യത്തിൽ ജാതിവ്യവസ്ഥയെയും വർണമേധാവിത്വത്തെയും സംരക്ഷിക്കാനുള്ള ഒരേയൊരു മാർഗം മുസ്‌ലിംകളെ അപരരുടെയും ശത്രുക്കളുടെയും സ്ഥാനത്ത് പ്രതിഷ്ഠിക്കുകയാണ്. ഈ തത്ത്വശാസ്ത്രത്തെയും സാമൂഹിക വ്യവസ്ഥയെയുമാണ് ജനാധിപത്യവും മതേതരത്വവും നേരിടേണ്ടത്. അതിനെ അവഗണിച്ചുകൊണ്ടുള്ള ഒരു ചികിത്സയും ഫലപ്രദമാവില്ല. ഇക്കാര്യത്തിൽ ഇസ്‌ലാമിനെ അതിന്റെ യഥാർഥ രൂപത്തിൽ പ്രബോധനം ചെയ്യുന്നതിലൂടെ മുസ്‌ലിംസമുദായത്തിന് വലിയ പങ്ക് വഹിക്കാനാകും. അക്രമികളോടുള്ള വിട്ടുവീഴ്ചയും മാപ്പും ഫലപ്രദമാകാൻ സമുദായം ആ ദൗത്യം കൂടി നിർവഹിക്കാൻ സന്നദ്ധമാകണം. ■